# ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് കാര്യാലയം

ചേമഞ്ചേരി (പി.ഒ)കോഴിക്കോട് ജില്ല   ഇമെയ്ൽ chemancherygp@gmail.com, 0496-2687041

സ്ഥിരം അദാലത്ത് സമിതിയിലേക്ക് ചേമഞ്ചേരി ഗ്രാമപഞ്ചായത്തിലെ ശ്രീ പ്രബീഷ് വിളയോറ്റിൽ എന്നവർ സമർപ്പിച്ച നിവേദനത്തിന് താഴെ പറയും പ്രകാരം മറുപടി സമർപ്പിക്കുന്നു.

ചേമഞ്ചേരി ഗ്രാമപഞ്ചായത്തിലെ റീസർവേ 45/1 ൽ പ്പെട്ട സ്ഥലത്ത് 56.87 ച.മീറ്ററിൽ ഉള്ള ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് BL-504/07-08 Dtd.10/04/2018 പ്രകാരം നിർമ്മാണാനുമതി നൽകിയിട്ടുള്ളതാണ്. പ്രസ്തുത പെർമിറ്റിന്റെ കാലാവധി 9/4/2011 വരെ നിലവിലുണ്ടായിരുന്നതാണ്. തുടർന്ന് കെട്ടിട നിർമ്മാണാനുമതി പുതുക്കിയതായി ഫയൽ പരിശോധനയിൽ കാണുവാൻ കഴിഞ്ഞിട്ടില്ല.

കോവിഡ്, പ്രളയമടക്കമുള്ള പല ബുദ്ധിമുട്ടുകൾ കാരണം യഥാസമയം പെർമിറ്റ് പുതുക്കാൻ കഴിഞ്ഞിട്ടില്ലെന്ന് അപേക്ഷകൻ ബോധിപ്പിക്കുകയും ഉണ്ടായിട്ടുണ്ട്.10/04/2008 ന് നൽകിയ പെർമിറ്റിന് KPBR 2011 പ്രകാരം പരമാവധി പത്ത് വർഷ കാലാവധി നൽകിയാൽ തന്നെ 9/4/2017 വരെ മാത്രമേ കാലാവധി ഉണ്ടായിരുന്നുള്ളൂ . പെർമിറ്റ് കാലാവധി അവസാനിച്ച സാഹചര്യത്തിൽ നിർമ്മാണം പൂർത്തിയായ കെട്ടിടത്തിന്റെ ക്രമവൽക്കരണ പ്ലാൻ സമർപ്പിക്കുകയാണെങ്കിൽ ആയത് പരിശോധിച്ചു ഒക്യുപൻസി അനുവദിക്കാവുന്നതാണെന്ന് ബോധിപ്പിക്കുന്നു. പൂർത്തിയായ കെട്ടിടത്തിന് നിർമ്മാണത്തിലുണ്ടായ ചട്ടലംഘനങ്ങൾ സംബന്ധിച്ച് വിവരങ്ങൾ ലഭ്യമല്ല എന്നാൽ സ്ഥലപരിശോധനയിലും അന്വേഷണത്തിലും താഴെ പറയുന്ന കാര്യങ്ങൾ ബോധിപ്പിക്കുന്നു.

കെട്ടിട നിർമ്മാണം പൂർത്തികരിച്ചിട്ടുള്ളതും പാർട്ടി ഓഫീസ് പ്രവർത്തിച്ചു വരുന്നതുമാണ്.കെട്ടിടത്തിന്റെ സമീപസ്ഥലത്ത് പിൻഭാഗത്തായി പഞ്ചായത്തിന്റെ കുടിവെള്ള പദ്ധതിക്ക് വേണ്ടി സ്ഥലം വിട്ടു കൊടുക്കുകയും കുടിവെള്ള പദ്ധതിയുടെ പമ്പ് ഹൌസ് പണിയുകയും ചെയ്തിട്ടുണ്ട്.കെട്ടിടത്തിന്റെ വശങ്ങളിലുള്ള അളവ് 84cm, 91cm, 71cm എന്നിങ്ങനെയാണ് ലഭിക്കുന്നത്. ഇപ്പോൾ ലഭ്യമായ സ്ഥലത്തിന്റെയും കെട്ടിടത്തിന്റെയും തുറസ്സായ സ്ഥലത്തിന്റെയും അളവുകൾ പ്രകാരം ക്രമവൽക്കരണ പ്ലാൻ സമർപ്പിച്ചാൽ ആയത് പരിഗണിച്ച് തുടർനടപടി സ്വീകരിക്കുന്നതാണെന്ന് ബോധിപ്പിക്കുന്നു.

Chemanchery Grama Panchayath
Kozhikode.Dt
P.O. Chemanchery

**ANIL KUMAR.T**
Secretary
Chemanchery Grama Panchayath